


# 1 യൂറോപ്പ് പരിവർത്തനപാതയിൽ

സ്വതന്ത്രചിന്തയും അന്വേഷണകൗതുകവും മാനവപുരോഗതിയിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ധാരണ നേടുന്നതിനും ശാസ്ത്രസാങ്കേതികരംഗത്തെ വളർച്ച ഉത്പാദന - വിതരണരംഗത്തെ പുരോഗതിക്കു നിദാനമാകുന്നുവെന്നു തിരിച്ചറിയുന്നതിനും ശാസ്ത്രം, കല, സാഹിത്യം തുടങ്ങി വിവിധ മേഖലകളിലെ ഗുണപരമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനുള്ള മനോഭാവം രൂപപ്പെടുത്തുന്നതിനും ഈ പാഠഭാഗത്തിലൂടെ കുട്ടികൾക്ക് കഴിയും. മധ്യകാലത്തിൽ യൂറോപ്പിന്റെ വിവിധ മേഖലകളിലുണ്ടായ പരിവർത്തനമാണ് ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നത്. ആധുനിക കാലത്തിന്റെ ആവിർഭാവത്തിന് നവോത്ഥാനം വിവിധ രംഗങ്ങളിൽ ചെലുത്തിയ സ്വാധീനം, ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ, വ്യവസായവിപ്ലവം എന്നിവയാണ് പ്രധാനമായും ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നത്.

## യൂണിറ്റ് ഫ്രെയിം

**1: യൂറോപ്പ് പരിവർത്തനപാതയിൽ** **ആകെ പീരിയഡ്: 12**

| ആശയങ്ങൾ/ധാരണകൾ | പഠന പ്രവർത്തനങ്ങൾ/തന്ത്രങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • കോൺസ്റ്റാന്റിനോപ്പിളിന്റെ പതനം<br>• ഇറ്റലിയിൽ കച്ചവടരംഗത്തുണ്ടായ പുരോഗതി<br>• ഗ്രീക്കോ റോമൻകലയും സാഹിത്യവും | • ലോക ഭൂപട നിരീക്ഷണം<br>• വിശകലനക്കുറിപ്പ് തയാറാക്കൽ | • നവോത്ഥാനത്തിന്റെ ആവിർഭാവത്തിന് വഴി തെളിച്ച വിവിധ സാഹചര്യങ്ങൾ വിശകലനം ചെയ്യുന്നു. |
| • നവോത്ഥാന ആശയങ്ങൾ-മാനവികത, യുക്തിചിന്ത, അന്വേഷണത്വര, പ്രാദേശിക ഭാഷകളുടെ വളർച്ച | • കുറിപ്പ് തയാറാക്കൽ | • ലോകജനതയിൽ മാനവികതയും അന്വേഷണത്വരയും വളർന്നു വരാൻ നവോത്ഥാനം പങ്കുവഹിച്ചു എന്ന് കണ്ടെത്തുന്നു. |
| • സാഹിത്യം, കല, ശാസ്ത്രം<br>• മതനവീകരണം<br>• ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ | • സാഹിത്യം, കല, ശാസ്ത്രം എന്നിവയെ സംബന്ധിച്ച പട്ടികകൾ പൂർത്തിയാക്കൽ<br>• നവോത്ഥാനത്തിന്റെ സ്വാധീനത്തെക്കുറിച്ചുള്ള കുറിപ്പ് തയാറാക്കൽ | • നവോത്ഥാനം വിവിധ രംഗങ്ങളിൽ സ്വാധീനം ചെലുത്തിയത് എങ്ങനെയെന്ന് വിശദീകരിക്കുന്നു. |
| • വ്യവസായ വിപ്ലവം - കണ്ടുപിടിത്തങ്ങൾ | • കുറിപ്പ് തയാറാക്കൽ<br>• പട്ടിക പൂർത്തിയാക്കൽ<br>• ആൽബം തയാറാക്കൽ | • ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ച വ്യവസായവിപ്ലവത്തിന് കാരണമായി എന്ന് കണ്ടെത്തുന്നു |

## യൂണിറ്റിലേക്ക്

പാഠഭാഗത്തിന്റെ തുടക്കത്തിൽ തന്നിട്ടുള്ള ഹഗിയസോഫിയ എന്ന ചരിത്രസ്മാരകത്തിന്റെ ചിത്രം നിരീക്ഷിക്കാനും അതിനെ സംബന്ധിച്ച കുറിപ്പ് വായിക്കുവാനും കുട്ടികൾക്ക് അവസരം നൽകുന്നു. ആശയരൂപീകരണത്തിനായി താഴെ പറയുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ഹഗിയസോഫിയയുടെ പ്രാധാന്യമെന്ത്? അത് എവിടെയാണ് സ്ഥിതി ചെയ്യുന്നത്?
- ഇന്ന് കോൺസ്റ്റാന്റിനോപ്പിൾ ഏത് രാജ്യത്തിന്റെ ഭാഗമാണ്?
- ഏതെല്ലാം ഭൂഖണ്ഡങ്ങൾക്കിടയിലാണ് കോൺസ്റ്റാന്റിനോപ്പിൾ സ്ഥിതി ചെയ്യുന്നത്?
- കോൺസ്റ്റാന്റിനോപ്പിളിന്റെ സവിശേഷതകൾ എന്തൊക്കെയാണ്?
- കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കാൻ തുർക്കിയെ പ്രേരിപ്പിച്ച ഘടകം എന്താണ്?
- തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയതിന്റെ ഫലങ്ങൾ എന്തെല്ലാമായിരുന്നു?


മുകളിൽ തന്നിട്ടുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ പാഠഭാഗത്ത് 8-ാമത്തെ പേജിൽ നൽകിയിട്ടുള്ള ഭൂപടം ലോകത്തിന്റെ രാഷ്ട്രീയ ഭൂപടം എന്നിവ നിരീക്ഷിച്ചും പാഠഭാഗം വായിച്ചും കണ്ടെത്തി അവതരിപ്പിക്കുന്നു.

ക്രോഡീകരണത്തിൽ വരേണ്ടവ:

- ഹഗിയസോഫിയ കോൺസ്റ്റാന്റിനോപ്പിളിലാണ് സ്ഥിതി ചെയ്യുന്നത്.
- ഇത് ലോകത്തിലെ പ്രധാന ചരിത്രസ്മാരകത്തിലൊന്നാണ്.
- കോൺസ്റ്റാന്റിനോപ്പിൾ ഇന്ന് തുർക്കിയുടെ ഭാഗമാണ്.
- ഏഷ്യയ്ക്കും യൂറോപ്പിനും ഇടയിലാണ് കോൺസ്റ്റാന്റിനോപ്പിൾ സ്ഥിതി ചെയ്യുന്നത്.
- വിജ്ഞാനത്തിന്റെ കേന്ദ്രവും വാണിജ്യകവാടവുമായിരുന്നു കോൺസ്റ്റാന്റിനോപ്പിൾ.
- കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയതിന്റെ ഫലമായി കിഴക്കൻ റോമാസാമ്രാജ്യം തകർന്നു.
- കോൺസ്റ്റാന്റിനോപ്പിളിലെ പണ്ഡിതന്മാരും കലാകാരന്മാരും സമീപപ്രദേശങ്ങളിലേക്ക് പലായനം ചെയ്തു.
- അവരിൽ വലിയൊരു വിഭാഗം ഇറ്റലിയിലാണ് എത്തിച്ചേർന്നത്.

കോൺസ്റ്റാന്റിനോപ്പിളിൽ അധിവസിച്ചിരുന്ന സാഹിത്യകാരന്മാരും പണ്ഡിതന്മാരും ഇറ്റലിയിൽ എത്തിച്ചേരാനുള്ള കാരണങ്ങൾ പാഠപുസ്തകം പരിശോധിച്ച് കണ്ടെത്തി താഴെ കൊടുത്തിരിക്കുന്ന പദസൂര്യൻ പൂർത്തിയാക്കാൻ നിർദ്ദേശിക്കാം. പദസൂര്യനിൽ ഇറ്റലി എന്നു മാത്രം എഴുതി പ്രദർശിപ്പിച്ചുവേണം പദസൂര്യൻ പൂർത്തിയാക്കാൻ നിർദ്ദേശം നൽകേണ്ടത്. പദസൂര്യൻ ഗ്രൂപ്പിൽ പൂർത്തിയാക്കുന്നു.

ചുവടെ തന്നിട്ടുള്ള മാതൃക സ്വീകരിക്കാവുന്നതാണ്.




**നവോത്ഥാനം**

നവോത്ഥാനം എന്ന പാഠഭാഗം ഗ്രൂപ്പിൽ വായനക്ക് നൽകുന്നു. താഴെ കൊടുത്തിരിക്കുന്ന പട്ടിക തലക്കെട്ട് മാത്രം എഴുതി പ്രദർശിപ്പിക്കുന്നു. കുട്ടികൾ പൂർത്തിയാക്കുന്നു. പൂർത്തിയാക്കുമ്പോൾ ചുവടെ നൽകിയിട്ടുള്ള ആശയങ്ങൾ ഉണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

| മധ്യകാലഘട്ടത്തിന്റെ സവിശേഷതകൾ | പതിമൂന്നാം നൂറ്റാണ്ടോടെ ഉണ്ടായ മാറ്റങ്ങൾ |
|---|---|
| • കല, സാഹിത്യം എന്നിവ മതപരമായ ആശയങ്ങളെ കേന്ദ്രീകരിച്ചുള്ളതായിരുന്നു<br>• ലാറ്റിൻ, ഗ്രീക്ക് ഭാഷകളിലാണ് കൃതികൾ രചിച്ചിരുന്നത് | • മനുഷ്യജീവിതമായിരുന്നു കലയുടെയും സാഹിത്യത്തിന്റെയും പ്രതിപാദ്യം<br>• പ്രാദേശിക ഭാഷകളിലാണ് കൃതികൾ കൂടുതലും രചിച്ചത്<br>• യുക്തിചിന്തയുടെയും അന്വേഷണത്വരയുടെയും വളർച്ച |

പട്ടികയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പതിമൂന്നാം നൂറ്റാണ്ടോടെ യൂറോപ്പിൽ വിവിധ മേഖലയിൽ ഉണ്ടായ മാറ്റങ്ങളാണ് നവോത്ഥാനം എന്നറിയപ്പെടുന്നത് എന്ന് ക്രോഡീകരിക്കേണ്ടതാണ്.

നവോത്ഥാനത്തിന്റെ പ്രധാന സവിശേഷതകൾ തന്നിട്ടുള്ള കുറിപ്പിന്റെ സഹായത്താൽ ചർച്ചചെയ്ത് അവതരിപ്പിക്കുന്നു.

- മാനവികത
- യുക്തിചിന്ത
- അന്വേഷണത്വര
- പ്രാദേശിക ഭാഷകളുടെ വളർച്ച

| നവോത്ഥാനത്തിന്റെ സവിശേഷതകൾ | |
|---|---|
| മാനവികത | - മതകേന്ദ്രീകൃതമായിരുന്ന സാഹിത്യകൃതികളുടെയും കലാസൃഷ്ടികളുടെയും സ്ഥാനത്ത് മനുഷ്യനെ സംബന്ധിക്കുന്ന കാര്യങ്ങൾ പ്രമേയമായ കൃതികളും കലാസൃഷ്ടികളും രൂപംകൊണ്ടു. |
| യുക്തിചിന്ത | - സംഭവങ്ങളുടെയും പ്രതിഭാസങ്ങളുടെയും കാര്യകാരണങ്ങൾ അന്വേഷിക്കാൻ തുടങ്ങി. |
| അന്വേഷണത്വര | - അറിയപ്പെടാത്ത കാര്യങ്ങളും പ്രപഞ്ചനിയമങ്ങളും അന്വേഷിച്ച് കണ്ടെത്തണമെന്ന താത്പര്യമുണ്ടായി. |
| പ്രാദേശിക ഭാഷകളുടെ വളർച്ച | - ഗ്രീക്ക്, ലാറ്റിൻ ഭാഷകൾക്കു പകരം സാധാരണ ജനങ്ങളുടെ ഭാഷയിൽ കൃതികൾ രചിക്കാൻ തുടങ്ങി. |

## നവോത്ഥാനത്തിന്റെ സ്വാധീനം

നവോത്ഥാനം സാഹിത്യം, കല, ശാസ്ത്രം എന്നീ രംഗങ്ങളിൽ ചെലുത്തിയ സ്വാധീനം കണ്ടെത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന 3 പട്ടികകൾ തലക്കെട്ട് മാത്രം എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ പട്ടികയ്ക്ക് അനുയോജ്യമായ വസ്തുതകൾ പാഠഭാഗത്തിൽ നിന്നും (പേജ് 9, 10, 11, 12, 13) കണ്ടെത്തി അവതരിപ്പിക്കുന്നു. ചർച്ച, ക്രോഡീകരണം. പട്ടികയിൽ ഓരോന്നിലും വരേണ്ടത് നൽകിയിട്ടുണ്ട്. കുട്ടികൾ കണ്ടെത്തിയതിൽ അത് വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കണം.

**പട്ടിക 1**

| സാഹിത്യകാരന്മാർ | കൃതികൾ |
|---|---|
| പെട്രാർക്ക് | സീക്രട്ടം |
| ദാന്തെ | ഡിവൈൻ കോമഡി |
| ബൊക്കാച്ചിയോ | ദക്കാമറൺ കഥകൾ |
| സെർവാന്തെ | ഡോൺ ക്വിക്സോട്ട് |
| ഇറാസ്മസ് | ഇൻ പ്രെയ്സ് ഓഫ് ഫോളി |

**പട്ടിക 2**

| കലാകാരന്മാർ | സൃഷ്ടികൾ | മേഖല |
|---|---|---|
| ലിയാനാർഡോ ഡാവിഞ്ചി | മൊണാലിസ, അവസാനത്തെ അത്താഴം | ചിത്രകല |
| മൈക്കൽ ആഞ്ചലോ | അന്ത്യവിധി | ചിത്രകല |
| റാഫേൽ | ഏഥൻസിലെ വിദ്യാലയം | ചിത്രകല |
| ലോറൻസൊ ഗിബർട്ടി | ഫ്ളോറൻസിലെ ബാപ്റ്റിസ്റ്റ് പള്ളിയുടെ വാതിൽ | വാസ്തുവിദ്യ |
| ദൊണാറ്റെലൊ | ഗട്ടാമെലീത്ത | ശില്പവിദ്യ |

**പട്ടിക 3**

| ശാസ്ത്രകാരന്മാർ | കണ്ടുപിടിത്തങ്ങൾ |
|---|---|
| കോപ്പർനിക്കസ് | സൗരയൂഥസിദ്ധാന്തം |
| ഗലീലിയോ ഗലീലി | ടെലസ്കോപ്പ് |
| ജൊഹാൻസ് ഗുട്ടൻബർഗ് | അച്ചടിയന്ത്രം |

പട്ടികകൾ പൂർത്തീകരിച്ചശേഷം അവയുടെ അടിസ്ഥാനത്തിൽ നവോത്ഥാനത്തിന്റെ ഏതെല്ലാം ആശയങ്ങൾ ഏതെല്ലാം മേഖലകളിൽ സ്വാധീനം ചെലുത്തി എന്ന് ചർച്ചയിലൂടെ കണ്ടെത്തി ചുവടെ തന്നിട്ടുള്ള പട്ടികയുടെ രൂപത്തിൽ അവതരിപ്പിക്കുന്നു.

| മേഖലകൾ | നവോത്ഥാന ആശയങ്ങളുടെ സ്വാധീനം |
|---|---|
| സാഹിത്യം | മാനവികത, യുക്തി ചിന്ത, പ്രാദേശിക ഭാഷകളുടെ വളർച്ച |
| കല | മാനവികത, യുക്തിചിന്ത |
| ശാസ്ത്രം | യുക്തിചിന്ത, മാനവികത, അന്വേഷണത്വര |
| മതം | യുക്തിചിന്ത, മാനവികത |
| സമുദ്രസഞ്ചാരങ്ങൾ | യുക്തിചിന്ത, അന്വേഷണത്വര |

പൊതുചർച്ചയ്ക്ക് ശേഷം ചുവടെ തന്നിട്ടുള്ള ധാരണകൾ നേടിയെന്ന് ഉറപ്പാക്കുന്നു.

- നവോത്ഥാനം വിവിധ രംഗങ്ങളിൽ സ്വാധീനം ചെലുത്തി.
- നവോത്ഥാനം ഒരു പുതുയുഗത്തിന് തുടക്കം കുറിച്ചു.
- നവോത്ഥാനത്തോടെ ആരംഭിച്ച പുതുയുഗം ആധുനികകാലം എന്നറിയപ്പെടുന്നു.

തുടർന്ന് വ്യക്തിഗതമായി 'നവോത്ഥാനത്തിന്റെ സ്വാധീനം' എന്ന കുറിപ്പ് തയാറാക്കുന്നു.

## വ്യവസായവിപ്ലവം

- നവോത്ഥാനം ശാസ്ത്രരംഗത്തെ എങ്ങനെയാണ് സ്വാധീനിച്ചത്?
- നവോത്ഥാനത്തിന്റെ ഏതെല്ലാം സവിശേഷതകളാണ് ശാസ്ത്രരംഗത്ത് പ്രതിഫലിച്ചത്?

മുകളിൽ തന്നിട്ടുള്ള ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായവിപ്ലവത്തെക്കുറിച്ചുള്ള പാഠഭാഗം പരിശോധിക്കുന്നു. പതിനഞ്ചാമത്തെ പേജിലെ പട്ടികയിൽ നിന്നും ചില യന്ത്രങ്ങളുടെ പേരുകളും അവ കണ്ടെത്തിയ ശാസ്ത്രജ്ഞന്മാരുടെ പേരുകളും കണ്ടെത്തുന്നു. അവയിൽ ചിലതിന്റെ ചിത്രങ്ങൾ 14-ാമത്തെ പേജ് നോക്കി കണ്ടെത്തുന്നു. മറ്റുള്ളവയുടെ ചിത്രങ്ങൾ ഇന്റർനെറ്റിൽ നിന്നും കണ്ടെത്താവുന്നതാണ്. അവ ഓരോന്നും ഏതെല്ലാം മേഖലകളിലാണ് ഉപയോഗിച്ചതെന്ന് ചർച്ച ചെയ്ത് താഴെ തന്നിട്ടുള്ള രൂപത്തിൽ പട്ടിക തയാറാക്കാൻ സഹായിക്കുമല്ലോ.

| യന്ത്രങ്ങൾ | ഉപയോഗിക്കുന്ന മേഖല |
|---|---|
| ഫ്ളയിംഗ് ഷട്ടിൽ | വസ്ത്രനിർമ്മാണം |
| സ്പിന്നിംഗ് ജന്നി | വസ്ത്രനിർമ്മാണം |
| ആവിയന്ത്രം | ഗതാഗതം |
| ലോക്കോമോട്ടീവ് | ഗതാഗതം |

- യന്ത്രങ്ങൾ കണ്ടുപിടിക്കുന്നതിന് മുൻപ് എങ്ങനെയായിരുന്നു ഉത്പാദനം നടത്തിയിരുന്നത്?
- യന്ത്രങ്ങളുടെ ഉപയോഗം എന്തെല്ലാം മാറ്റങ്ങളും പ്രയോജനങ്ങളും മനുഷ്യ ജീവിതത്തിൽ ഉണ്ടാക്കി?

ഈ ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ അധ്യാപികയുടെ സഹായത്തോടെ ചർച്ച ചെയ്ത് ചുവടെ തന്നിട്ടുള്ള ധാരണകൾ രൂപപ്പെടുത്തുന്നു.

- യന്ത്രങ്ങൾ കണ്ടുപിടിക്കുന്നതിന് മുൻപ് മനുഷ്യൻ കായികശക്തി ഉപയോഗിച്ചാണ് ഉത്പാദനം നടത്തിയിരുന്നത്.
- യന്ത്രങ്ങളുടെ കടന്നു വരവോടെ ഉത്പാദനം വർദ്ധിക്കുകയും ഉത്പാദനച്ചെലവ് കുറയുകയും ഉത്പന്നങ്ങളുടെ ഗുണമേന്മ കൂടുകയും ചെയ്തു.

- ഗതാഗത രംഗത്തെ മാറ്റങ്ങളുടെ ഫലമായി അസംസ്കൃതവസ്തുക്കൾ ഫാക്ടറിയിലേക്കും ഉത്പന്നങ്ങൾ കമ്പോളത്തിലേക്കും വേഗത്തിലും കുറഞ്ഞ ചെലവിലും എത്തിക്കാൻ കഴിഞ്ഞു.
- ഉത്പാദന-വിതരണരംഗങ്ങളിലുണ്ടായ ഈ മാറ്റങ്ങളാണ് വ്യവസായവിപ്ലവം എന്നറിയപ്പെടുന്നത്.

വ്യവസായവിപ്ലവകാലത്തെ കണ്ടുപിടിത്തങ്ങൾ നടത്തിയ ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങളും യന്ത്രങ്ങളുടെ ചിത്രങ്ങളും ശേഖരിച്ച് അവയുടെ ഉപയോഗത്തെ സംബന്ധിച്ച ലഘുകുറിപ്പോടെ ആൽബം തയാറാക്കാവുന്നതാണ്.

**റഫറൻസ്**


- A Survey of European Civilization - Wallace K. Ferguson, Geoffrey Bruun
- History of Modern Civilizations - Burnes
- The Story of Civilization (Vol. I) - NCERT - Arjun Dev
- ലോകചരിത്രം (രണ്ടാം ഭാഗം), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - പ്രൊഫ. ഇ. ശ്രീധരൻ, കെ.പി. ദേവദാസ്

## ടീച്ചറുടെ വിലയിരുത്തൽ

| നമ്പർ | സൂചകങ്ങൾ | അതെ | അല്ല |
|---|---|---|---|
| 1 | നവോത്ഥാനത്തിന് വഴിയൊരുക്കിയ സാഹചര്യം കുട്ടികൾക്കറിയാം. | | |
| 2 | നവോത്ഥാനത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. | | |
| 3 | സാഹിത്യം, കല, ശാസ്ത്രം എന്നീ രംഗങ്ങളിൽ നവോത്ഥാനം ചെലുത്തിയ സ്വാധീനം പട്ടികപ്പെടുത്താൻ കഴിയും. | | |
| 4 | വ്യവസായവിപ്ലവത്തിന്റെ സവിശേഷതകളെക്കുറിച്ച് ധാരണ നേടിയിട്ടുണ്ട്. | | |
| 5 | ഭൂപടം നിരീക്ഷിക്കാനും പട്ടികകൾ പൂർത്തിയാക്കാനും ചിത്രങ്ങൾ നിരീക്ഷിക്കാനും കുറിപ്പുകൾ തയ്യാറാക്കാനും ചർച്ചകളിൽ പങ്കെടുക്കാനും കഴിയുന്നുണ്ട്. | | |

## കുട്ടിയുടെ വിലയിരുത്തൽ

| നമ്പർ | സൂചകങ്ങൾ | അതെ | അല്ല |
|---|---|---|---|
| 1 | മധ്യകാലഘട്ടത്തിൽ നിന്നും ആധുനികകാലത്തിനുള്ള വ്യത്യാസങ്ങൾ പട്ടികപ്പെടുത്താൻ കഴിയും. | | |
| 2 | നവോത്ഥാനകാല സാഹിത്യകാരന്മാർ, അവരുടെ കൃതികൾ, കലാകാരന്മാർ, അവരുടെ സൃഷ്ടികൾ, ശാസ്ത്രജ്ഞർ, അവരുടെ കണ്ടുപിടിത്തങ്ങൾ എന്നിവ തിരിച്ചറിയാൻ കഴിയും. | | |
| 3 | നവോത്ഥാനം സാഹിത്യം, കല, ശാസ്ത്രം എന്നീ മേഖലകളിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ധാരണ നേടിയിട്ടുണ്ട്. | | |
| 4 | ആധുനികലോകത്തിന്റെ പുരോഗതിക്ക് നവോത്ഥാനവും വ്യവസായവിപ്ലവവും വഹിച്ച പങ്കിനെക്കുറിച്ച് ധാരണ നേടിയിട്ടുണ്ട്. | | |
| 5 | വ്യവസായവിപ്ലവകാലത്തെ കണ്ടുപിടിത്തങ്ങൾ തിരിച്ചറിയാൻ കഴിയും. | | |